**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** **10-06-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | അർഹരായ എല്ലാവർക്കും പട്ടയം സമയബന്ധിതമായി നൽകുവാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവരും പട്ടയം ലഭിച്ചിട്ടില്ലാത്തവരുമായ അപേക്ഷകളിൽ സ്ഥല പരിശോധന നടത്തി ടി ഭൂമി സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നതല്ലായെന്നു കാണുകയും, ടി കേസുകളിൽ ബന്ധപ്പെട്ട പതിവു കമ്മിറ്റികൾ ശിപാർശ ചെയ്യുകയും ചെയ്യുന്നപക്ഷം അർഹരായ എല്ലാപേർക്കും നിയമ പ്രകാരം പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. കൂടാതെ അർഹരായ എല്ലാവർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിലേയ്ക്ക് താലൂക്ക് തലത്തിൽ പ്രത്യേക അവലോകനം നടത്തി തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| (ബി) | കഴിഞ്ഞ സർക്കാർ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകി; വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,63,691 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ വില്ലേജാഫീസുകളുടെ എണ്ണം എത്ര; ഇതിൽ എത്രയെണ്ണം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി; വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് എത്ര മാസത്തിനകം അപേക്ഷിക്കണമെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് ആകെ 1542 വില്ലേജാഫീസുകളാണുള്ളത്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 220 വില്ലേജാഫീസുകളെയാണ് നാളിതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. ആയവയിൽ 126 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതും ബാക്കിയുള്ളവയുടെ നിർമ്മാണം ത്വരിത ഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജാഫീസുകൾ നിർമ്മിക്കുന്നതിനായി 255 വില്ലേജാഫീസുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി വില്ലേജോഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്. |
| (ഡി) | റവന്യൂ രേഖകളുടെ ഡിജിറ്റലൈസേഷൻ എപ്പോൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും ഇതുവഴി എന്തെല്ലാം സേവനങ്ങൾ പൊതുജനങ്ങൾക്ക് ഇ-പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | വില്ലേജ് ഓഫീസുകളിലെ ബി.റ്റി.ആർ, തണ്ടപ്പേർ രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ എന്നിവ ജൂലൈ മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിക്കഴിഞ്ഞു. മറ്റ് രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതാണ്. നിലവിൽ വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങളായ ഭൂനികുതി, പോക്കുവരവ്, തണ്ടപ്പേർ പകർപ്പ് മുതലായ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ